**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം.3087** **22.02.2016 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പരിശീലന പഠന പരിപാടികൾ

**ചോദ്യം**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

എ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് അംഗ-ങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും സേവന ങ്ങളെക്കുറിച്ചും ബോധവൽക്ക-രണം നടത്തുന്നതിന് നടപ്പിലാ ക്കുന്ന പരിശീലന പഠന പരിപാടികൾ എന്തൊക്കെയാ-ണെന്ന് വിശദമാക്കാമോ;

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

എ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കും മുനിസിപ്പൽ കൗൺസിലർമാർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വിവിധ പദ്ധതി കളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ ഒന്നാം ഘട്ട ഏകദിന പരിശീലനം നടത്തിയിട്ടുണ്ട്. രണ്ടാംഘട്ടമായി പദ്ധതി രൂപീകരണം നിർവ്വഹണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം എല്ലാ ജനപ്രതിനിധികൾക്കും ജില്ലാതലത്തിൽ നടത്തുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യോഗനടപടികൾ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള 'സകർമ്മ' സോഫ്റ്റ് വെയറിലുള്ള പരിശീലനം പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഏകദിനമായി നല്കിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും അക്കൗണ്ടന്റുമാർക്കുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ വിഷയങ്ങൾ സംബന്ധിച്ച് പരിശീലനം മേഖലാടിസ്ഥാനത്തിൽ നടത്തി വരുന്നു.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | കിലയുടെ നേതൃത്വത്തിൽ ആണ് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. |
| സി) | പുതിയ ഭരണസമിതികൾ തെരഞ്ഞെടുക്കപ്പെട്ട ശേഷം എത്ര പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവെന്നും ഇനി എത്രയെണ്ണം സംഘടിപ്പിക്കാനുണ്ടെന്നും എത്ര സമയപരിധിക്കുള്ളിൽ ഇവ പൂർത്തിയാകുമെന്നും അറിയിക്കുമോ? | സി) | പുതിയ ഭരണ സമിതികൾ തെരഞ്ഞെടുക്കപ്പെട്ട ശേഷം മേൽ പറഞ്ഞ രീതിയിൽ മൂന്ന് പരിശീലന പരിപാടികൾ പൂർത്തീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്യു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിതലത്തിലും പരിശീലന പരിപാടികൾ തുടർന്ന് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ നടത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലുള്ള പരിശീലനം 2016 മാർച്ച് രണ്ടാം വാരത്തോടുകൂടി അവസാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ